(Pages : 4)

**S – 3283**

Reg. No. : ...............................

Name : ...................................

**Third Semester B.A. Degree Examination, February 2024**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Complementary Course I**

**ML 1331.1 : പരിസ്ഥിതിപഠനം**

**(2021 Admission Onwards)**

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക. ഓരോന്നിനും **1** മാർക്ക് വീതം.

1. ചിപ്‌കോ എന്ന വാക്കിന്റെ അർത്ഥമെന്ത് ?

2. 'മരത്തിനു സ്തുതി' എന്ന കവിത എഴുതിയതാര് ?

3. വനമില്ലാത്ത, കേരളത്തിലെ ഏക ജില്ല ഏത്?

4. 'പരിസ്ഥിതി സ്നേഹികളുടെ ബൈബിൾ' എന്നറിയപ്പെടുന്ന കൃതി ഏത്?

5. "ചിരി വരുന്നുണ്ടതു ചിന്തിക്കുമ്പോ-
ളിനി നിയ്യിപ്പാലത്തിൻ നാട്ടനൂഴൂം!"
- ആരാണ് പാലത്തിൻ നാട്ടനൂഴുന്നത് ?

P.T.O.

6. പഴയകാല മനുഷ്യർക്ക് സുഖിക്കാൻ ഇടകിട്ടിയതെന്തുകൊണ്ട് ബാലാമണിയമ്മയുടെ അഭിപ്രായം എഴുതുക.

7. "മലിനമീ ജലം
മലിനമീ വായു
മലിനമെൻ മനം" - എന്നെഴുതിയ കവി ആര് ?

8. 'കുന്നിൻ ചെരുവിലെ വീട്' കമ്പനിയ്ക്കു കൈമാറുന്നതിനു ഇടനിലയായി വന്നതാര് ?

9. 'ഭൂമിക്കുവേണ്ടി ജീവിച്ച ചെറുപ്പക്കാരൻ' എന്ന് സുഗതകുമാരി ടീച്ചർ വിശേഷിപ്പിച്ചതാരെ?

10. IPCC - പൂർണ്ണരൂപം എഴുതുക.

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'കണ്ടവർക്കൊക്കെ അതൊരു തമാശക്കാഴ്ചയായി.' എന്ത്?

12. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെ പാശ്ചാത്യർ വീക്ഷിക്കുന്നതെങ്ങനെ?

13. അമേരിക്കയിൽ ഡി.ഡി.റ്റി. വിഷബാധയേറ്റതായി റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധയിനം കുരുവികളെക്കുറിച്ച് കുറിപ്പെഴുതുക.

14. ഹരിതവനങ്ങൾ എങ്ങനെയാണ് ഭൂമിയിൽ ജീവൻ നിലനിർത്തുന്നത്?

15. ഭൗമതാപനം എന്നാൽ എന്ത്?

16. എൻഡോസൾഫാനെതിരെയുള്ള സമരത്തിൽ 'നിശബ്ദ വസന്തം' എന്ന കൃതി വഹിച്ച പങ്കെന്ത്?

17. വരൾച്ചയും മണ്ണൊലിപ്പും പ്രളയവും പരിഹരിക്കാൻ സുഗതകുമാരി മുന്നോട്ടു വെയ്ക്കുന്ന മാർഗ്ഗമെന്ത്? വിശദമാക്കുക.

18. "ഇപ്പരന്നേറും വെളിച്ചത്തിലൊന്നുമി-
ല്ലത്ഭുതമായതുമാരാധ്യമായതും....." ആരുടെ വാക്കുകൾ? സന്ദർഭം വിവരിക്കുക.

19. "കൊല്ലണമെന്നു വേഗം പറയാം കൊല്ലുകയും ചെയ്യാം ജീവൻ കൊടുത്ത് സൃഷ്ടിക്കാൻ ഒക്കുമോ?" - സന്ദർഭം വിശദമാക്കുക.

20. "പിറവി തൊട്ടൻ കൂട്ടുകാരിയാമ-
മ്മധുരിമ തൂകിടും ഗ്രാമലക്ഷ്മി
അകലെയ്ക്കകലേയ്ക്കകലുകയാം,
അവസാന യാത്ര പറയുകയാം!" വിവരിക്കുക.

21. ഗഹനപരിസ്ഥിതിവാദം എന്നാലെന്ത്?

22. പ്രകൃതിയുമായി ബന്ധപ്പെട്ട ഗാന്ധിയൻ ചിന്ത വിവരിക്കുക.

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും ആറു ചോദ്യത്തിന് ഉത്തരം എഴുതുക.

23. ആന്റപ്പൻ അമ്പിയായതിന്റെ പരിസ്ഥിതി പ്രവർത്തനങ്ങൾ ക്രോഡീകരിക്കുക.

24. വ്യവസായയുഗത്തിൽ ഒരു ഒറ്റയാൾപ്പോരാട്ടം പോലും ശക്തമാണെന്ന് 'മംഗളസ്വരൂപൻ' എന്ന കഥ സാക്ഷിക്കുന്നു. നിരൂപിക്കുക.

25. വരും തലമുറയുടെ സ്വപ്നങ്ങളെയാണ് പരിസ്ഥിതി വിധ്വംസകർ നശിപ്പിക്കുന്നത് എന്ന് പറയുന്ന കഥയാണ് 'കുന്നിൻ ചെരുവിലെ വീട്' ഈ നിരീക്ഷണം വിമർശനബുദ്ധ്യാ വിശകലനം ചെയ്യുക.

26. "അവസാനത്തെ നദിയിൽ
ഒരമ്മയുടെ അസ്ഥികൂടം പൊങ്ങിക്കിടന്നു
അതിന്മേൽ തുഴഞ്ഞ് മറുകര തേടുന്ന
ഒരു കുട്ടിയുണ്ടായിരുന്നു" - ആശയം വിശദമാക്കുക.

27. "ഇവിടെപ്പുത്രന്മാർ

തലകൾ കൊയ്യുന്നു

ഇവിടെപ്പുത്രിമാർ

തകർക്കുന്നൂ ഭ്രൂണം"

– സന്ദർഭം വിവരിക്കുക.

28. പാരിസ്ഥിതികസ്ത്രീവാദം എന്നാലെന്ത്? മലയാളത്തിൽ ഇതിന്റെ പ്രസക്തി എന്ത്?

29. മാർക്സിയൻ പരിസ്ഥിതിചിന്ത വിശദീകരിക്കുക.

30. "എനിക്കീ പ്രപഞ്ചങ്ങളെ എല്ലാം സ്നേഹത്തോടെ ആലിംഗനം ചെയ്യാൻ തോന്നുന്നുണ്ട്." - ആരുടെ വാക്കുകൾ? സന്ദർഭം വിവരിച്ച് പ്രപഞ്ചവീക്ഷണം വ്യക്തമാക്കുക.

31. "നോവുറ്റതല്ലോ വളർച്ചയെമ്മട്ടിലും" - സന്ദർഭം വിവരിക്കുക.

**(6 × 4 = 24 Marks)**

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. ഭൗമതാപനം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും വിശദീകരിക്കുക.

33. പരിസ്ഥിതിസംരക്ഷണം വികസനത്തിനെതിരോ? ബാലാമണിയമ്മ, ഇടശ്ശേരി എന്നിവരുടെ കവിതകളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

34. റേച്ചൽ കഴ്സൺന്റെ 'നിശബ്ദവസന്തം', തോറോയുടെ 'വാൾഡൻ' ഫുക്കുവൊക്കയുടെ "ഒറ്റ വൈക്കോൽ വിപ്ലവം" എന്നീ കൃതികൾ കേരളത്തിലെ പരിസ്ഥിതി രാഷ്ട്രീയത്തെ രൂപപ്പെടുത്തിയതെങ്ങനെ?

35. 'ഭൂമിയുടെ അവകാശികൾ', 'കാടിനു കാവൽ നാം തന്നെ' എന്നീ കൃതികളെ പരിസ്ഥിതിദർശനം വിശദീകരിക്കുക.

**(2 × 15 = 30 Marks)**